അഞ്ജന. ആർ
ടിഎംയുപിഎസ്. വെട്ടൂർ

ക്ലാസ് 6

അടിസ്ഥാനപാഠാവലി

യൂണിറ്റ് 1

സ്നേഹസ്പർശം

പാഠം 2

തേങ്ങ

# അധ്യായ വിശകലനം

പാഠത്തിന്റെ പേര് : തേങ്ങ

പ്രതീക്ഷിക്കുന്ന സമയം : 8 പിരീഡ്

പഠന നേട്ടങ്ങൾ : കഥകളുടെ രചനാരീതി, സാമൂഹിക പ്രസക്തി, വൈവിധ്യം തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചും സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും, പറഞ്ഞും, എഴുതിയും, ആസ്വാദനം അവതരിപ്പിക്കുന്നു.

: കഥകൾ ആശയം ഉൾക്കൊണ്ട് ഉചിതമായ ഭാവം, ശബ്ദനിയന്ത്രണം, ഒഴുക്ക്, ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു.

ആശയം / ധാരണ : സ്വന്തം കുടുംബാംഗങ്ങളെ പോലെ അന്യരെയും സ്നേഹിക്കാൻ കഴിയുമ്പോഴാണ് മനസ്സ് വിശാലമാകുന്നത്.

: പ്രകൃതിയെയും തന്റെ ജീവിതത്തിന്റെ ഭാഗമായി സ്നേഹിക്കാൻ കഴിയണം

: ചെറുകഥകളിൽ വ്യത്യസ്തമായ ആഖ്യാന രീതികളുണ്ട്

: സവിശേഷമായ പ്രയോഗങ്ങൾ കവിതയെപോലെ കഥകളെയും കൂടുതൽ ആസ്വാദ്യമാക്കുന്നു.

ഭാഷാ വസ്തുതകൾ : വാക്യങ്ങൾ നിർമ്മിക്കാം, റഷ്യൻ കഥ

വ്യവഹാര രൂപങ്ങൾ : ആസ്വാദനക്കുറിപ്പ്

പ്രവർത്തനങ്ങൾ : കഥാവായന, ചർച്ച, സംഭാഷണ രചന, ആസ്വാദനക്കുറിപ്പു തയ്യാറാക്കൽ, കഥ വായിച്ചവതരിപ്പിക്കൽ

മൂല്യം / മനോഭാവം : രക്തബന്ധമുള്ളവരുടെ ഒന്നിച്ചു ചേരൽ മാത്രമല്ല കുടുംബം, സ്നേഹധാരയാൽ ഒന്നിക്കുന്ന എല്ലാം കുടുംബത്തിന്റെ ഭാഗം തന്നെയാണ് എന്ന തിരിച്ചറിവ്

പഠന സാമഗ്രികൾ : 1.B. H.B. വി. വത്സലയുടെ തെരഞ്ഞെടുത്ത കഥകൾ

ഉല്പന്നങ്ങൾ : സംഭാഷണം, ആസ്വാദനക്കുറിപ്പ്

വിലയിരുത്തൽ : വായനയിലെ മികവ്, ചർച്ചയിലെ പങ്കാളിത്തം, രചനയിലെ മികവ്, കഥാവായനയിലെ മികവ്.

## ഒന്നാം ദിനാസൂത്രണം

### പ്രക്രിയ / വിലയിരുത്തൽ

വി. വത്സലയുടെ അമ്മ എന്ന ചെറുകഥയിൽ വ്യക്തികളിൽ നിന്നും വ്യക്തികളിലേക്കും, പ്രകൃതിയിലേക്കും പടരുന്ന സ്നേഹത്തിന്റെ സൗമ്യ പ്രവാഹമാണുള്ളത്. ഗതകാല സ്മരണകളുടെ ഉണർത്തുപാട്ടുകളായി മലയാളി മനസ്സുകളിലേക്ക് പെയ്തിറങ്ങിയവയാണ് വി. വത്സലയുടെ കഥകളും, നോവലുകളും.

<u>പാഠവായന</u> :

- കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കുന്നു.
- ഉചിതമായ ശബ്ദനിയന്ത്രണത്തോടെ വൈകാരിക ഭാവം പ്രകടമാകും വിധം അധ്യാപികയുടെ വായന.
- ഇഷ്ടപ്പെട്ട കഥാസന്ദർഭങ്ങൾ കണ്ടെത്തി ഓരോ കുട്ടിയും ഉച്ചത്തിൽ വായിച്ചവതരണം.
- ഗ്രൂപ്പിൽ ചോദ്യങ്ങൾ തയാറാക്കുന്നു
- ഗ്രൂപ്പുകൾ തമ്മിൽ മത്സരം നടത്തുന്നു

## കണ്ടെത്താം പറയാം

- അമ്മ എന്ന കഥാപാത്രത്തെ കുറിച്ച് പൊതുചർച്ച.
- അമ്മയുടെ നാടെവിടെയാണ് ?
- ആ നാട്ടിലെ ജീവിത സാഹചര്യം എന്തെല്ലാമായിരുന്നു?
- ഇവിടെ എത്തിയപ്പോൾ അവൾക്ക് പുതിയതായി തോന്നിയത് എന്തെല്ലാമായിരിക്കും?
- അവളുടെ മനസ്സിൽ എന്തെല്ലാം വികാരങ്ങൾ ഉണ്ടായിരിക്കാം കണ്ടെത്തുക.

▲ കുട്ടികൾ അഭിപ്രായം പറയുന്നു.

▲ എല്ലാവരുടെയും പങ്കാളിത്തം

▲ പ്രധാന സംഭവങ്ങൾ കണ്ടെത്തിപ്പറയൽ

## പ്രക്രിയ / വിലയിരുത്തൽ

- ▲ "കണ്ടെത്താം പറയാം" എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾ സംഘചർച്ച.
- ▲ പൊതു അവതരണം.

### ക്രോഡീകരണം

- ✡ ആരും തിരിഞ്ഞു നോക്കാനില്ലാതെ തേങ്ങ പറമ്പിൽ ചിതറിക്കിടക്കുന്നതു കണ്ടപ്പോഴുണ്ടായ വിഷമം കൊണ്ടാണ് അത് പെറുക്കിക്കൂട്ടാൻ അക്കമ്മ ഒരുങ്ങിയത്.
- ✡ അങ്ങനെ അടച്ചിട്ട മുറികളിൽ കിടന്നുള്ള ശീലം അവൾക്കില്ല. പുതിയ ശീലങ്ങളുമായി പൊരുത്തപ്പെടാൻ പെട്ടെന്ന് ആർക്കും സാധ്യമാവില്ലല്ലോ
- ✡ കൃഷിയോടും കാർഷിക വിളകളോടുമുള്ള അവരുടെ പരിചയം. ആ അടുപ്പമാണ് അങ്ങനെ തോന്നാൻ കാരണം. കാർഷികവിളകളെ കുഞ്ഞുങ്ങളെ പോലെ കാണുന്ന ഒരു കർഷകമനസ്സ് അവരിൽ ജന്മനാ ഉണ്ടായിരുന്നു. തേങ്ങകളുടെ കിടപ്പ് തന്റെ അനാഥാവസ്ഥയായി തന്നെ അവൾക്ക് തോന്നിയിരിക്കാം
- ✡ തന്റെ കുട്ടിക്കാലമായിരിക്കാം ഒരു പക്ഷേ വീടമയ്ക്ക് ഓർമ്മ വന്നത്. അക്കമ്മയുടെ ആത്മാർത്ഥതയും, ആ കുടുംബത്തോടുള്ള സ്നേഹവും അവരുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചിരിക്കാം.

### വിശകലനം ചെയ്യാം

- ● "ഒരു തെളിഞ്ഞ മുഖം കാണാൻ അവൾക്ക് സാധിച്ചിരുന്നില്ല" എന്ന വാക്യത്തിന്റെ സന്ദർഭം പാഠഭാഗത്തു നിന്നും കണ്ടെത്തുന്നു.
  - ? ഇങ്ങനെ അക്കമ്മ ഓർത്തത് എപ്പോഴാണ്.
  - ? അക്കമ്മയുടെ വീട്ടിലെ അവസ്ഥ എങ്ങനെയുള്ളതായിരുന്നു!
  - ? എന്തുകൊണ്ടാണ് അവരുടെ മുഖം ഒരിക്കലും തെളിയാതിരുന്നത്?
  - □ ഗ്രൂപ്പിൽ ചർച്ച, കണ്ടെത്തൽ
  - □ പൊതു അവതരണം.

## പ്രക്രിയ / വിലയിരുത്തൽ

- "തെങ്ങ് മുഖം താഴ്ത്തി അവളെ ഒന്നു നോക്കി. അവളുടെ തലമുടിയിലേക്ക് തെങ്ങിന്റെ പൂവുകൾ ഉതിർന്നു".
  തെങ്ങുകൾ ആത്മഹർഷത്തോടെ മന്ത്രിച്ചു
  ഈ വാക്യങ്ങൾ ബോർഡിലെഴുതുന്നു.

? വാക്യങ്ങളിൽ സവിശേഷമായി തോന്നിയ പ്രയോഗങ്ങൾ ഏവ?

✡ തെങ്ങ് മുഖം താഴ്ത്തി
✡ തെങ്ങിന്റെ പൂവുകൾ
✡ തെങ്ങുകൾ മന്ത്രിച്ചു.

? ഇവ സവിശേഷമായി തോന്നിയത് എന്തുകൊണ്ടാണ്?

✡ മനുഷ്യന്റെ ചെയ്തികൾ പോലെയാണ് ഇവ പറഞ്ഞിരിക്കുന്നത്

? തെങ്ങിനെ മനുഷ്യതുല്യമായി അവതരിപ്പിച്ചത് എന്തു കൊണ്ടാവാം?

✡ അമ്മ പ്രകൃതിയിലുള്ള ഓരോന്നിനെയും തന്നെപ്പോലെയാണ് കാണുന്നത്. തന്റെ മനസ്സിൽ തോന്നിയ വികാരങ്ങൾ അതിനുള്ളതു പോലെ അവൾക്ക് അനുഭവപ്പെട്ടു.

▲ **താരതമ്യക്കുറിപ്പ്**

അമ്മ, സംഗീത എന്നീ കഥാപാത്രങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുക.

- ഗ്രൂപ്പ് ചർച്ച
- താരതമ്യം
- രണ്ടു പേരുടെയും ജീവിത സാഹചര്യങ്ങൾ
- രണ്ടു പേരും വളർന്ന ചുറ്റുപാടുകൾ
- പ്രകൃതിയോട് രണ്ട് പേർക്കുമുള്ള മനോഭാവം
- രണ്ടു പേരുടെയും പ്രവൃത്തികൾ.

- ഗ്രൂപ്പിന്റെ കണ്ടെത്തലുകളുടെ പൊതു അവതരണം
  ചർച്ച- ക്രോഡീകരണം.

വിലയിരുത്തുന്നു.

ചർച്ചയിലെ പങ്കാളിത്തം
ഭാഷണമികവ്
അഭിപ്രായങ്ങളുടെ യുക്തി
സ്വന്തമായ നിരീക്ഷണം
എന്നിവ അധ്യാപിക
വിലയിരുത്തുന്നു.

ക്രോഡീകരണം

- ▲ പ്രകൃതിയുടെ സൗഭാഗ്യങ്ങളെയും, കൃഷിയുടെ പ്രാധാന്യത്തെയും അറിയാത്ത സുഖലോലുപതയിൽ കഴിഞ്ഞ സംഗീതയ്ക്ക് അമ്മ ചെയ്യുന്ന പ്രവൃത്തിയുടെ മഹത്വം തിരിച്ചറിയാൻ സാധിക്കുന്നില്ല.
- ▲ അമ്മയ്ക്ക് ജീവിതത്തിന്റെ ഭാഗം തന്നെയാണ് പ്രകൃതി. താൻ ചെയ്യുന്നത് തന്റെ കടമയാണെന്നാണ് അവർ കരുതുന്നത്. തേങ്ങകൾ താൻ തന്നെയാണെന്ന് അവർക്ക് തോന്നിപ്പോകുന്നു.

## സംഭാഷണം തയ്യാറാക്കാം

- പാഠഭാഗം വ്യക്തിഗത വായന
- ലഘു ചോദ്യങ്ങളിലൂടെ പൊതു ചർച്ച

? അമ്മയെ കണ്ടപ്പോൾ തെങ്ങുകൾക്ക് എന്തെല്ലാം തോന്നിയിരിക്കും.

? അമ്മ വന്നു കണ്ടപ്പോൾ തെങ്ങിൻ തോപ്പിന്റെ അവസ്ഥ എന്തായിരുന്നു.

? തെങ്ങിൻ തോപ്പിലൂടെ ഒറ്റയ്ക്ക് നടക്കുമ്പോൾ അമ്മ തെങ്ങിനോട് എന്തെങ്കിലും പറഞ്ഞിരിക്കുമോ.

? അമ്മ തേങ്ങ പെറുക്കിയെടുക്കുമ്പോൾ തെങ്ങിനുണ്ടായ വികാരം എന്തായിരിക്കും?

? . . .

? . . .

## പ്രക്രിയ / വിലയിരുത്തൽ

- ▲ സംഭാഷണ രചന- വ്യക്തിഗതം
- ▲ പരസ്പരം കൈമാറി വായന
- ▲ വിലയിരുത്തൽ

രചനയിലെ മികവ് അധ്യാപിക വിലയിരുത്തുന്നു.

### പരസ്പര വിലയിരുത്തലിനുള്ള സൂചകങ്ങൾ

- ✡ ആശയം വ്യക്തമാണ്
- ✡ ഒരാൾ പറയുന്നതിന്റെ തുടർച്ചയായാണ് മറ്റൊരാൾ പറയുന്നത്.
- ✡ സംസാര രീതിയിലുള്ള ഭാഷയാണ്
- ✡ തെങ്ങിന്റെയും അമ്മയുടെയും മനോവിചാരങ്ങൾ പ്രകടമാക്കിയിട്ടുണ്ട്.

× ടീച്ചർ വേർഷൻ
× ഗ്രൂപ്പിൽ വായന
× മെച്ചപ്പെടുത്തിയെഴുതൽ

**ടീച്ചർ വേർഷൻ സംഭാഷണം**

തെങ്ങ് : എന്റെ കുഞ്ഞുങ്ങളെ വാരിയെടുക്കുമ്പോൾ തട്ടിവീഴാതെ സൂക്ഷിക്കണേ.

അമ്മ : തെങ്ങുകളും നിങ്ങൾ സംസാരിക്കുമോ? എങ്കിൽ ഞാൻ നിങ്ങളെ അമ്മയെന്നു വിളിച്ചോട്ടെ?

തെങ്ങ് : അതിനെന്താ... അമ്മയെന്നു വിളിച്ചോളൂ. ഈ കുഞ്ഞുങ്ങളെ വാരിയെടുക്കാൻ തോന്നിയതെന്താ?

അമ്മ : പാവങ്ങൾ മഴ നനഞ്ഞും വെയിലേറ്റും കിടക്കുകയല്ലേ? കുറെ കഴിയുമ്പോൾ മണ്ണ് പൊതിയും ഇവയ്ക്ക് പനിപിടിക്കില്ലേ? ആരും നോക്കാനോ പരിചരിക്കാനോ ഇല്ല

തെങ്ങ് . ശരിയാണ് മകളേ... ഈ വീട്ടിലാരും ഞങ്ങളുടെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാറില്ല. പുല്ല് വളർന്ന് നിൽക്കുന്നതു കണ്ടോ അതിനിടയ്ക്ക് പതിഞ്ഞ് കുറെ കുഞ്ഞുങ്ങളും കിട കാണും അവരെ കൂടി എടുക്കണേ

അമ്മ : മുഴുവനും എടുത്തു തേങ്ങാപ്പുരയിലിട്ടു. ഞാൻ തല്ക്കാലം പോകട്ടെ അമ്മമാരെ... ഇനീം വരാം..

# വിലയിരുത്തൽ

## താരതമ്യക്കുറിപ്പ്

## സംഭാഷണ രചന

## വാക്യങ്ങൾ നിർമ്മിക്കാം

- കരയുന്ന പുഴ, ചുവന്ന കലങ്ങിയ വെയിൽ എന്നീ പ്രയോഗങ്ങൾ അടങ്ങിയ വാക്യങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തി എഴുതുന്നു.

- മഴ കരയുന്നതായി അമ്മയ്ക്കു തോന്നിയ സന്ദർഭം ഏതായിരുന്നു?
- എന്തായിരിക്കാം മഴ കരയുന്നതായി തോന്നാൻ കാരണം?

താൻ ഒരു പെട്ടിക്കകത്ത് പൂട്ടിയിടപ്പെട്ടതു പോലെ തോന്നിക്കൊണ്ടാണ് അമ്മ ഉറങ്ങാൻ കിടന്നത്. മാതാപിതാക്കളെ പിരിഞ്ഞ് ഏതോ അന്യവീട്ടിൽപെട്ടു പോയ തന്റെ ജീവിതത്തിന്റെ അവസ്ഥ അവൾ ദുഃഖത്തോടെ ഓർത്തിരിക്കും. ആ ഓർമ്മയിലെ ദുഃസ്വപ്നങ്ങളായിരിക്കാം ഉറക്കത്തിൽ അവൾ കണ്ടുകൊണ്ടിരിക്കുന്നത്. മഴയുടെ ശബ്ദം തന്റെ മനസ്സിന്റെ കരച്ചിലു പോലെ തോന്നിയിരിക്കാം.

- "തോപ്പിൽ ചുവന്ന കലങ്ങിയ വെയിലോടിയിരുന്നു". എന്ന വാക്യം ബോർഡിൽ എഴുതുന്നു.
  - ? ചുവന്ന വെയിൽ എപ്പോഴാണ് ഉണ്ടാവുക?
  - ? കണ്ണുകൾ ചുവന്നു കലങ്ങാറുണ്ടല്ലോ. അതെപ്പോഴാണ്?
  - ? രാവിലത്തെ വെയിൽ എന്നു പറയാതെ ചുവന്നു കലങ്ങിയ വെയിൽ എന്നു പറഞ്ഞതുകൊണ്ട് വാക്യത്തിന് എന്തർത്ഥം കൂടി വന്നു ചേരുന്നത്:

– കരഞ്ഞു കരഞ്ഞു കഴിയുമ്പോഴാണ് കണ്ണുകൾ ചുവന്നു കലങ്ങാറുള്ളത്. കരയുന്ന മഴ കഴിഞ്ഞെത്തിയ പ്രഭാതത്തിലെ വെയിൽ ആയതുകൊണ്ട് ചുവന്ന കലങ്ങിയ വെയിൽ എന്ന പ്രയോഗം തികച്ചും യോജിക്കുന്നു.

- മാതൃകയിൽ കൊടുത്ത വാക്യം കുട്ടികൾ വായിക്കുന്നു. അതുപോലെ "കരയുന്ന മഴ", "ചുവന്ന കലത്തിലെ വെള്ളം" എന്നീ പ്രയോഗങ്ങൾ ഉൾപ്പെടുന്ന പുതിയ വാക്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി നിർമ്മിക്കാൻ ആവശ്യപ്പെടുന്നു.
  - സംഘത്തിൽ വായിച്ച് മികച്ച വാക്യങ്ങൾ തിരഞ്ഞെടുക്കുന്നു.

വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ

- പ്രയോഗത്തിന്റെ ആശയവുമായി യോജിക്കുന്നുണ്ട്
- വാക്യം അർത്ഥപൂർണ്ണമാണ്

- ഗ്രൂപ്പിന്റെ അവതരണം
- മെച്ചപ്പെടുത്തിയെഴുതൽ

വിലയിരുത്തുന്നു.

വാക്യരചനയിലെ മികവ് വിലയിരുത്തുന്നു.

## വിലയിരുത്തൽ

## ആസ്വാദനക്കുറിപ്പ്

- ഉചിതമായ ഭാവപ്രകടനത്തോടെയും ശബ്ദ വ്യതിയാനത്തോടെയും കുട്ടികൾ കഥ ഉച്ചത്തിൽ വായിക്കാൻ നിർദ്ദേശിക്കുന്നു.

— ചർച്ച.

കഥയുടെ തുടക്കം ഏതു തരത്തിലാണ്
കഥയിലെ പ്രധാന സന്ദർഭങ്ങൾ
കഥ അവസാനിക്കുന്നതെങ്ങനെ.

## ക്രോഡീകരണം.

- തുടക്കം മുതൽ ഒടുക്കം വരെ എന്ന ക്രമത്തിലല്ല കഥ പറഞ്ഞിരിക്കുന്നു. കഥയുടെ നടുവിൽ നിന്നാണ് തുടങ്ങുന്നത്. പിന്നെ മുമ്പുള്ള കാര്യങ്ങൾ പറയുകയും അതിനു ശേഷമുള്ള തുടർന്നുള്ള സംഭവങ്ങൾ വിവരിക്കുകയും ചെയ്യുന്ന മട്ടിലാണ് കഥ.
- ബെംഗളൂരുവിലേക്ക് അമ്മമ്മയുടെ വരവ്. അവിടത്തെ ആദ്യദിനം. രാത്രി അവിടെ ഉറങ്ങാൻ കിടന്നത്. ഉറക്കമുണർന്നപ്പോൾ കണ്ടതും കേട്ടതും. രാവിലെ തെങ്ങിൻ തോപ്പിൽ കണ്ടത്. തേങ്ങ പെറുക്കി കൂട്ടിയപ്പോൾ സംഗീത പരിഹസിച്ചത്. വീട്ടമ്മ അമ്മമ്മയെ കെട്ടിപ്പിടിച്ചത് എന്നിവയാണ് കഥയിലെ പ്രധാന സംഭവഗതികൾ
- പഴയ ഓർമ്മകൾ മനസ്സിൽ നിറഞ്ഞ വീട്ടമ്മ അമ്മമ്മയെ സ്നേഹത്തോടെ കെട്ടിപ്പിടിക്കുന്നതു പറഞ്ഞു കൊണ്ടാണ് കഥ അവസാനിപ്പിക്കുന്നത്.

▲ കൂടുതൽ ആഴത്തിലുള്ള ചർച്ച

- അമ്മമ്മയുടെ ജീവിത പശ്ചാത്തലം
- സ്വഭാവസവിശേഷത
- പ്രകൃതിയും അമ്മമ്മയും തമ്മിലുള്ള ബന്ധം
- അമ്മമ്മയുടെയും, സംഗീത ചേച്ചിയുടെയും കാഴ്ചപ്പാടിലുള്ള വ്യത്യാസം
- വീട്ടമ്മയുടെ സ്നേഹം

എന്നീ ആശയങ്ങൾ സംഘമായിത്തിരിഞ്ഞ് ചർച്ച
പൊതു അവതരണം.

- കഥാകൃത്തിനെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുന്നു.

## ആസ്വാദനക്കുറിപ്പിലേക്ക്

- കഥയുടെ ആസ്വാദനക്കുറിപ്പിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണം.
- പൊതുചർച്ച.

ക്രോഡീകരണം - ചാർട്ടിൽ

- ✡ കഥയുടെ പ്രധാനാശയം
- ✡ കഥ അവതരിപ്പിച്ച രീതിയുടെ പ്രത്യേകത
- ✡ കഥ പറച്ചിലിന്റെ പ്രത്യേകത
- ✡ പ്രധാന കഥാപാത്രങ്ങളുടെ സവിശേഷതകൾ
- ✡ കഥാഗതിയിലെ പ്രധാന സന്ദർഭങ്ങൾ
- ✡ കഥയിൽ ഉപയോഗിച്ച പ്രയോഗങ്ങളുടെ ഭംഗി
- ✡ സംഭവഗതികളുടെ തുടർച്ചയും അവസാനവും.
- ✡ കഥാകൃത്തിനെക്കുറിച്ചുള്ള പരാമർശങ്ങൾ
- ✡ സ്വന്തം അഭിപ്രായങ്ങൾ

### ഭിന്നനിലവാരക്കാർക്ക്

- കഥ ചുരുക്കിപ്പറയുക
- കഥയോടൊപ്പം കൊടുത്ത ചിത്രത്തിലെ സംഭവങ്ങൾ വിവരിക്കുക
- അമ്മയെ ഇഷ്ടപ്പെടാനുള്ള കാരണം പറയുക
- ഏതെങ്കിലും ഒരു സന്ദർഭം വരയ്ക്കുക.

## പ്രക്രിയ / വിലയിരുത്തൽ

- വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.
- ഗ്രൂപ്പിൽ അവതരണം.
- പരസ്പര വിലയിരുത്തൽ
- പരസ്പരവിലയിരുത്തലിനായി ചർച്ച ചെയ്ത് കുട്ടികൾ സ്വയം സൂചകങ്ങൾ തയ്യാറാക്കുന്നു.

| റേറ്റിംഗ് സ്കെയിൽ<br>ആസ്വാദനക്കുറിപ്പ് | A | B | C |
|---|---|---|---|
| • വായിച്ച കഥയുടെ ആശയങ്ങൾ സ്വാംശീകരിച്ച് എഴുതിയിട്ടുണ്ട്.<br>• വായിക്കുന്ന ആൾക്ക് താൽപര്യവും ആകാംക്ഷയും ഉണർത്തുന്ന വിധമുള്ള ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ)<br>• സ്വന്തം നിരീക്ഷണങ്ങളും, അഭിപ്രായങ്ങളും<br>• സൗന്ദര്യതലം (പദങ്ങൾ, പ്രയോഗങ്ങൾ, ബിംബങ്ങൾ, ശൈലികൾ)<br>• സമകാലിക പ്രസക്തി | | | |

- ടീച്ചർ വേർഷൻ
- മെച്ചപ്പെടുത്തിയെഴുതൽ
- ഒന്നാം രചനയും രണ്ടാം രചനയും തമ്മിലുള്ള വ്യത്യാസം ടീച്ചർ തട്ടിച്ചുനോക്കുന്നു.
- ഭാഷാപുസ്തകത്തിലേക്ക്. വിലയിരുത്തുന്നു.

### വിലയിരുത്തൽ

**കഥയരങ്ങ്**

- കുട്ടികൾക്ക് ഇഷ്ടപ്പെട്ട കഥകൾ ക്ലാസ് ലൈബ്രറിയിൽ നിന്നു തെരഞ്ഞെടുത്ത് വായിക്കാൻ അവസരം നൽകുന്നു.
- ഓരോ കുട്ടിയും ഒരു കഥ ക്ലാസിൽ ഉചിതമായ ഭാവപ്രകടനത്തോടെയും ശബ്ദവിന്യാസത്തോടെയും വായിച്ചവതരിപ്പിക്കുന്നു.
  - ✿ കഥാകൃത്തിനെ പരിചയപ്പെടുത്തണം
  - ✿ കഥയെക്കുറിച്ച് സ്വന്തമായ അഭിപ്രായം അവതരിപ്പിക്കണം
  - ✿ ഭിന്നനിലവാരക്കാർക്ക് അവസരം

വിലയിരുത്തുന്നു.

**വിലയിരുത്തൽ**

## എഴുത്തുകാരനെ അറിയാം

വി. വത്സല.

മനുഷ്യന്റെ വേദനകളും സ്വപ്നങ്ങളും കഥയിലേക്ക് ആവാഹിച്ച എഴുത്തുകാരി. 1938-ൽ കോഴിക്കോട് ജനിച്ചു. 'കേരള സാഹിത്യ അക്കാദമി' അവാർഡു ലഭിച്ചിട്ടുണ്ട്. ഗൗതമൻ, മരച്ചുവട്ടിലെ വെയിൽ ചീളുകൾ, മലയാളത്തിന്റെ സുവർണ്ണ കഥകൾ, വേറിട്ടൊരു അമേരിക്ക, അശോകനും അയാളും, മൈഥിലിയുടെ മകൾ, ആഗ്നേയം, നെല്ല്, കൂമൻകൊല്ലി, വിലാപം, നിഴലുറങ്ങുന്ന വഴികൾ, പോക്കുവെയിൽ പൊൻവെയിൽ എന്നിവ പ്രധാന കൃതികൾ.

പ്രതിഫലനാത്മക കുറിപ്പുകൾ